(ബി) 2006-07 സാമ്പത്തിക വർഷത്തോടുകൂടി റവന്യൂകമ്മി ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി എടുത്ത നടപടികൾ:

- കഴിഞ്ഞ പദ്ധതികാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുന്നതിനും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർവിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

- പുതിയതായി എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് നിറുത്തി വയ്ക്കുവാൻ ഇടക്കാല സാമ്പത്തിക പരിഷ്കരണ പരിപാടി പ്രകാരം തീരുമാനിച്ചു.

- 2004-05-ൽ ഡെബ്റ്റ് സർവ്വീസ് GSDPയുടെ 25% ആയി നിജപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

- സംസ്ഥാന ബഡ്ജറ്റിൽനിന്നുള്ള സബ്സിഡികൾ ഓരോ വർഷവും 80 കോടി രൂപ അധികരിക്കാതെ നിജപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃസംഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത വരാതിരിക്കുവാനും അവയിൽനിന്നും അധികവരുമാനം ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിന് യാതൊരു അധിക ബാദ്ധ്യതയും ഉണ്ടാകാതിരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- Tax GSDP അനുപാതവും Nontax GSDP അനുപാതവും മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികാധികാരങ്ങൾ കൈമാറുന്നതിന് നടപടി

6 [3290] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികാധികാരങ്ങൾ കൈമാറുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ പദ്ധതി അടങ്കലിന്റെ എത്ര ശതമാനം തുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഉൽപ്പാദന പശ്ചാത്തല സ്വകാര്യ മേഖലയ്ക്ക് എന്തു തുക വീതം നൽകി;

(ഡി) പ്രസ്തുത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതെന്നാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (i) സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ 30 ശതമാനത്തോളം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ പദ്ധതി ഗ്രാന്റായി നൽകുന്നു.

(ii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സംസ്ഥാന പദ്ധതികളുടേയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും, സംസ്ഥാന സർക്കാർ ഈടാക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് മുതലായവയുടെ വിഹിതവും നൽകുന്നു.

(iii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുവിഭവങ്ങൾ സ്വരൂപിക്കുന്നതിനുള്ള അധികാരവും നൽകിയിട്ടുണ്ട്.

(iv) പദ്ധതിയിതര ചെലവുകൾക്ക് നോൺ പ്ലാൻ ഗ്രാന്റ് പ്രത്യേകം നൽകുന്നുണ്ട്.

(ബി) 2001-02-ൽ പദ്ധതി അടങ്കൽ തുകയുടെ 21.14 ശതമാനവും 2002-03-ൽ 29.39 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 2003-04-ൽ 1317 കോടി രൂപ (30.28 ശതമാനം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ 244.95 കോടി രൂപ സർക്കാർ നവീകരണ (എം. ജി. പി.) പരിപാടികൾക്കായി തദ്ദേശഭരണ മേഖലയ്ക്ക് നീക്കി വച്ചിട്ടുണ്ട്.

(സി) പദ്ധതി വിഹിതം നൽകുന്നത് വികസന മേഖലാടിസ്ഥാനത്തിലല്ല. പദ്ധതി വിഹിതം ഓരോ വികസന മേഖലയ്ക്കും നിശ്ചിത നിരക്കിൽ വിഭജിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ചു നടപ്പാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏപ്രിൽ, ജൂലായ്, ഒക്ടോബർ, ജനുവരി എന്നീ മാസങ്ങളിൽ നാലുതവണകളായി ആണ് പദ്ധതിവിഹിതം നൽകിവന്നിരുന്നത്. 2003-04 സാമ്പത്തികവർഷംമുതൽ പദ്ധതിവിഹിതം പ്രതിമാസഗഡുക്കളായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം ഏപ്രിൽ, മേയ്, ജൂൺ, ജൂലായ് മാസങ്ങളിലെ വിഹിതം ഒറ്റഗഡുവായി ഉടൻ നൽകുന്നതാണ്.

ഗ്രാമീണ ബാങ്കുകൾ

7 [3291] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ടി. എൻ. പ്രതാപൻ:
,, അടൂർ പ്രകാശ്:
,, ടി. എച്ച്. മുസ്തഫ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രാമീണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(സി) ഇവയുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എത്രയാണ്;

(ഡി) ഇവയുടെ നോൺ പെർഫോമിംഗ് അസറ്റ് എത്രയാണെന്നും പറയുമോ;

(ഇ) പാർലമെന്റിന്റെ എസ്റ്റിമേറ്റ്സ് കമ്മിറ്റി സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെയും നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെയും പ്രവർത്തനത്തെ പ്രശംസിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട്.

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്നു.

(സി) 2003 മാർച്ചിലെ കണക്കുകൾ പ്രകാരം ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ 100.12%-വും നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ 86.58%-വും ആകുന്നു.

(ഡി) സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ 51 കോടി (മൊത്തം ലോണിന്റെ 6.8%) രൂപയും നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ 66 കോടി (മൊത്തം ലോണിന്റെ 14%) രൂപയും നോൺ പെർഫോമിംഗ് അസറ്റായി കാണുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly